**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - മുനിസിപ്പാലിറ്റികളിൽ ജോലി ചെയ്യുന്ന ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർക്ക് നേരിട്ട് വേതനം നൽകുന്നതിനും അവരുടെ സേവനം തുടരേണ്ടതുണ്ടോയെന്നത് സംബന്ധിച്ച് തീരുമാനമെടുക്കുന്നതിനും അതാത് മുനിസിപ്പാലിറ്റികൾക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐബി) വകുപ്പ്

സ.ഉ. (സാധാ) നം. 1385/2012/തസ്വഭവ. തിരുവനന്തപുരം, തീയതി, 18.05.2012

---

പരാമർശം:- 1. ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടറുടെ 20.12.2011 ലെ IKM/Estt/027/DEO/2011 നമ്പർ കത്ത്.

2. നഗരകാര്യ ഡയറക്ടറുടെ 09.04.2012 ലെ DD2 - 16018/2011 നമ്പർ കത്ത്.

**ഉത്തരവ്**

2005 ൽ സർക്കാരിന്റെ നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായി മുനിസിപ്പാലിറ്റികളിൽ ജനസേവന കേന്ദ്രം സ്ഥാപിച്ച് കമ്പ്യൂട്ടർവൽക്കരണം പ്രാവർത്തികമാക്കിയതിന്റെ ഭാഗമായി വിവിധ മുനിസിപ്പാലിറ്റികളിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമിതരായ ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർക്ക് ഇൻഫർമേഷൻ കേരള മിഷൻ മുഖേന വേതനം നൽകി വന്നിരുന്ന രീതി അവസാനിപ്പിച്ച് അവർക്ക് ബന്ധപ്പെട്ട മുനിസിപ്പാലിറ്റി നേരിട്ട് വേതനം നൽകുന്നതിനുള്ള ഒരു നിർദ്ദേശം പരാമർശം (1) പ്രകാരം ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ സർക്കാരിന് സമർപ്പിച്ചിരുന്നു. മുനിസിപ്പാലിറ്റികളിൽ ജോലി ചെയ്യുന്ന ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ നിയന്ത്രണം, ശമ്പളം, കേഡർ, ഇവയെക്കുറിച്ച് സർക്കാർ തലത്തിൽ തീരുമാനമെടുക്കണമെന്ന് പരാമർശം (2) ലെ കത്തിലൂടെ നഗരകാര്യ ഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. മുനിസിപ്പാലിറ്റികളിലെ ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർക്ക് ഇൻഫർമേഷൻ കേരള മിഷൻ മുഖേന വേതനം നൽകുന്ന രീതി അവസാനിപ്പിക്കുന്നതിനും മുനിസിപ്പാലിറ്റികൾ ടി ജീവനക്കാർക്ക് നേരിട്ട് തനത് ഫണ്ടിൽ നിന്നും വേതനം നൽകുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. പ്രസ്തുത ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ സേവനം തുടരേണ്ടതുണ്ടോയെന്നതു സംബന്ധിച്ച് തീരുമാനമെടുക്കാൻ അതാത് മുനിസിപ്പാലിറ്റികളെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

എം. ഷാഹുൽ ഹമീദ്<br>
അണ്ടർ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

എല്ലാ മുനിസിപ്പൽ ചെയർമാൻ / സെക്രട്ടറിമാർക്കും

(നഗരകാര്യ ഡയറക്ടർ,മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ